സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം

ഡി.എ.നമ്പർ.694/17/ബി.1

ദേവസ്വം അക്കൗണ്ട്സ് ആഫീസ്,
തീയതി: 07.08.2018.

## സർക്കുലർ

വിഷയം: തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന വിവിധ മേഖലകളിൽ നിന്നും GST ഈടാക്കുന്ന സംഗതി സംബന്ധിച്ച്.

സൂചന: 1. ഈ ആഫീസിലെ 06.03.2018-ലെ മേൽ നമ്പർ കത്ത്.
2. 03.05.2018-ലെ ആർ.ഒ.സി.700/17/അക്കൗണ്ട്സ് നമ്പർ ബോർഡുത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡ്, വിവിധ സേവനങ്ങൾ, വാടക തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഈടാക്കുന്ന GST തുക ഒടുക്കുവരുത്തുന്നതിനും, ഇ-ഫയലിങ്ങിനുമായി ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ജവഹർ നഗർ ബ്രാഞ്ചിൽ അക്കൗണ്ട് (IFSC Code SBIN0004685 A/C No. 37743261330) ആരംഭിച്ചിട്ടുണ്ട്.

ബോർഡിന്റെ കീഴിൽ വരുന്ന കല്ല്യാണമണ്ഡപങ്ങൾ,കടമുറികൾ മുതലായവയുടെ വാടകയിൽ നിന്നും മരാമത്ത് വിഭാഗവുമായി ബന്ധപ്പെട്ടും ഈടാക്കുന്ന GST അതത് മാസം ഒടുക്ക് വരുത്തി ഇ-ഫയലിങ് നടത്തുന്നതിന് GST രജിസ്ട്രേഷൻ എടുത്തിട്ടുള്ളതും GST കൺസൾട്ടന്റായി ശ്രീ.ബി.ശിവദാസ് (രംഗമണി ചാർട്ടേഡ് അക്കൗണ്ടന്റ്സ്, കവടിയാർ.പി.ഒ. തിരുവനന്തപുരം, ഫോൺ നമ്പർ. 0471-2435072)നെ ചുമതലപ്പെടുത്തി ബോർഡുത്തരവായിട്ടുള്ളതുമാണ്.

GST തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ജവഹർനഗർ ബ്രാഞ്ചിൽ ഇതിലേയ്ക്കായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ ഓൺലൈൻ മുഖേനയോ, NEFT മുഖേനയോ ഇതരമാർഗങ്ങളിലൂടെയോ തൊട്ടടുത്ത മാസം 5-ാം തീയതിക്കുള്ളിൽ ഒടുക്ക് വരുത്തേണ്ടതാണ്. ഇപ്രകാരം ഒടുക്ക് വരുത്തുമ്പോൾ ലഭിക്കുന്ന ചെല്ലാൻ രസീതും, സ്റ്റേറ്റ്മെന്റിന്റെ പകർപ്പും മറ്റ് വിശദാംശങ്ങൾ സഹിതം ദേവസ്വം അക്കൗണ്ടാഫീസിലേയ്ക്ക് ഇ-മെയിൽ(E-mail ID tdbgst@gmail.com) ചെയ്യേണ്ടതും പ്രസ്തുത ചെല്ലാന്റെയും സ്റ്റേറ്റ്മെന്റിന്റെയും ഒറിജിനൽ ഉടനടി ഈ ആഫീസിലേയ്ക്ക് തപാൽ മാർഗ്ഗം അയച്ചുതരേണ്ടതുമാണ്. ഇപ്രകാരം അയ്ക്കുന്ന സ്റ്റേറ്റ്മെന്റുകൾക്ക് ഈ ആഫീസിൽ നിന്നും കൺഫർമേഷൻ വാങ്ങേണ്ടതാണ്. അക്കൗണ്ടാഫീസിൽ നിന്നും ഓരോ മാസവും 10-ാം തീയതിയ്ക്കുള്ളിൽ കൺഫർമേഷൻ ലെറ്റർ അയയ്ക്കുന്നതായിരിക്കും. അപ്രകാരം കൺഫർമേഷൻ ലെറ്റർ ലഭിക്കാത്ത കേസുകളിൽ GST തുക ഒടുക്കിയ ചെല്ലാൻ ഒറിജിനലും, സ്റ്റേറ്റ്മെന്റും ഈ ആഫീസിൽ ലഭിച്ചുവെന്ന് അന്വേഷിച്ച് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം അതാത് ആഫീസുകൾക്കായിരിക്കും.

വിശ്വസ്തതയോടെ

ദേവസ്വം അക്കൗണ്ട്സ് ആഫീസർ

ശ്രീ-06/08